മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ

85 [3339] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും വെളിപ്പെടുത്താമോ;

(സി) തുടങ്ങിവച്ച പദ്ധതികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; പണി പൂർത്തിയാക്കി ഇവ എന്ന് ഗുണഭോക്താക്കൾക്ക് തുറന്നുകൊടുക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; ഇവയ്ക്ക് ഓരോന്നിനും നീക്കിവച്ച തുക എത്ര യെന്നും ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കൾ എത്രയെന്നും പഞ്ചായത്ത് തിരിച്ച് വിശദീകരിക്കാമോ;

(ഡി) കുന്ദമംഗലം മണ്ഡലത്തിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദീകരിക്കാമോ;

(ഇ) ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ എണ്ണവും തുകയും വെളിപ്പെടുത്തുമോ;

(എഫ്) ഇവയുടെ പണി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം മണ്ഡലത്തിൽ പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

പഞ്ചായത്തിന്റെ പേര്	*പദ്ധതികളുടെ എണ്ണം*
കുന്ദമംഗലം	ഒന്ന്
മാവൂർ	നാല്
പെരുവയൽ	അഞ്ച്
കുരുവട്ടൂർ	രണ്ട്
പെരുമണ്ണ	ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly

(ബി)	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ഗുണഭോക്താക്കളുടെ എണ്ണം
	കുന്ദമംഗലം പഞ്ചായത്തിൽ കുടത്താലുങ്ങൽ ഐ.എച്ച്. ഡി. പി. കോളനി ശുദ്ധജലവിതരണ പദ്ധതി	16.37	212
	മാവൂർ പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ മുഴാപ്പാലം തലപ്പണക്കുന്ന് കുടിവെള്ള പദ്ധതി	12.84	390
	മാവൂർ പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ മുഴാപ്പാലം പൂക്കാടൻകുന്ന് ശുദ്ധജലവിതരണ പദ്ധതി	10.58	400
	പി. എം. ജി. വൈ-യിൽ ഉൾപ്പെടുത്തി മാവൂർ പഞ്ചായത്തിലെ നിലവിലുള്ള ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതികൾ അഭിവൃദ്ധിപ്പെടുത്തൽ	12.62	4200
	മാവൂർ പഞ്ചായത്തിലെ പടത്തുംകണ്ടി എസ്. സി. കോളനി ശുദ്ധജലവിതരണ പദ്ധതി	25.94	370
	പെരുവയൽ പഞ്ചായത്തിലെ എൻ. സി./പി. സി. വാർഡ്-II ലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി	11.64	280
	പെരുവയൽ പഞ്ചായത്തിലെ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ വാർഡ് 5 പുതുക്കുടിക്കുന്ന് ശുദ്ധജലവിതരണ പദ്ധതി	12.38	360
	പെരുവയൽ പഞ്ചായത്തിലെ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ വാർഡ് 6 കൊടിമലക്കുന്ന് ശുദ്ധജലവിതരണ പദ്ധതി	7.66	350
	പെരുവയൽ പഞ്ചായത്തിലെ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ വാർഡ് 7 പാലക്കോട്കുന്ന് ശുദ്ധജലവിതരണ പദ്ധതി	9.57	300
	പെരുവയൽ പഞ്ചായത്തിലെ ഭൂതാൻ എസ്. സി. കോളനി ശുദ്ധജലവിതരണ പദ്ധതി	7.18	540
	കുരുവട്ടൂർ പഞ്ചായത്തിലെ കാരാട്ടുതാഴം, നമ്പ്യാട്ടുതാഴം കുടിവെള്ള പദ്ധതി	18.28	645
	കുരുവട്ടൂർ പഞ്ചായത്തിലെ കുരുവട്ടൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി വിപുലീകരണം	27.71	620
	പെരുമണ്ണ പഞ്ചായത്തിലെ ചെനപ്പാറകുന്ന് കുടിവെള്ള പദ്ധതി	15.40	858

LIBRARY ARCHIVES Kerala Legislative Assembly

(സി) കുന്ദമംഗലം മണ്ഡലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. മുക്കം പഞ്ചായത്തിലെ വട്ടോളിപ്പറമ്പ് പട്ടികജാതികോളനി ശുദ്ധജല വിതരണ പദ്ധതി. 2005 ഡിസംബർ മാസത്തിൽ പണി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പദ്ധതിക്ക് നീക്കിവച്ച തുക 15 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ എണ്ണം 450-ഉം ആണ്.

2. മുക്കം പഞ്ചായത്തിലെ എൻ. സി./പി. സി. 7, 8 വാർഡുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി. 2006 മാർച്ച് മാസത്തിൽ പണി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പദ്ധതിക്ക് നീക്കിവച്ച തുക 14.50 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ എണ്ണം 825-ഉം ആണ്.

3. മുക്കം പഞ്ചായത്തിലെ എൻ. സി./പി. സി. 5, 6 വാർഡുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി. 2006 മാർച്ച് മാസത്തിൽ പണി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പദ്ധതിക്ക് നീക്കിവച്ച തുക 15 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ എണ്ണം 880-ഉം ആണ്.

4. ചാത്തമംഗലം പഞ്ചായത്തിലെ പുലിക്കുഴിപുറായിൽ പട്ടികജാതി കോളനി ശുദ്ധജല വിതരണ പദ്ധതി. 2005 ഡിസംബർ മാസത്തിൽ പണി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പദ്ധതിക്ക് നീക്കിവച്ച തുക 9.60 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ എണ്ണം 260-ഉം ആണ്.

5. ചാത്തമംഗലം പഞ്ചായത്തിലെ ഈഗിൾ പ്ലാന്റേഷൻ പട്ടികജാതി ശുദ്ധജല വിതരണ പദ്ധതി. 2006 ഡിസംബർ മാസത്തിൽ പണി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പദ്ധതിക്ക് നീക്കിവച്ച തുക 17.25 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ എണ്ണം 350-ഉം ആണ്.

6. ചാത്തമംഗലം പഞ്ചായത്തിലെ കരിയാത്തൻകുന്ന് പട്ടികജാതി ശുദ്ധജല വിതരണ പദ്ധതി. 2006 ഡിസംബർ മാസത്തിൽ പണി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പദ്ധതിക്ക് നീക്കിവച്ച തുക 16.50 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ എണ്ണം 325-ഉം ആണ്.

(ഡി) ചാത്തമംഗലം പഞ്ചായത്തിലെ 8, 10 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയും 4, 5, 6 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയുമാണ് കുന്ദമംഗലം മണ്ഡലത്തിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചാത്തമംഗലം പഞ്ചായത്തിലെ 8, 10 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം 1200-ഉം തുക 41 ലക്ഷം രൂപയും 4, 5, 6 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം 1500-ഉം തുക 47 ലക്ഷം രൂപയുമാണ്.

(എഫ്) ചാത്തമംഗലം പഞ്ചായത്തിലെ 8, 10 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയും 4,5,6 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയും 2005 ഡിസംബർ മാസത്തിൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ട്രൈബൽ മേഖലയിലെ ജലനിധി പദ്ധതികൾ

86 [3340] *ശ്രീ. കളത്തിൽ അബ്ദുള്ള:*

„ *പി. കെ. കെ. ബാവ:*

„ *ടി. പി. എം. സാഹിർ:*

„ *സി. മമ്മൂട്ടി:*

„ *ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രൈബൽ മേഖലയിൽ എത്ര ജലനിധി പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ഇതിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) പുതുതായി ജലനിധിയിൽ ഏതെങ്കിലും പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ;

(ഇ) ജലനിധി പദ്ധതിയിലൂടെ നേടിയെടുത്ത ഭൗതിക പുരോഗതികൾ വിശദമാക്കാമോ?

ഉത്തരം

(എ) ട്രൈബൽ മേഖലയിൽ 10 പഞ്ചായത്തുകളിലായി 99 ജലനിധി പദ്ധതികൾ തുടങ്ങിയിട്ടുണ്ട്.

(ബി) 78 എണ്ണം.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly